"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - വടുതല–പെരുമ്പളം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്യേണ്ടി വന്ന ശ്രീ.കുഞ്ഞൻ സോമൻ പാറയിൽ മുതൽപേരുടെ ഉടമസ്ഥതയിലുള്ള 19 ഊന്നി വലപ്പാടുകൾക്ക് വല ഒന്നിന് ഒരു ലക്ഷം രൂപ നിരക്കിൽ 19 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(കൈ) നം.1/2026/F&P    തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-
1. ശ്രീ.കുഞ്ഞൻ സോമൻ മുതൽപേരുടെ 01/09/2019-ലെ അപേക്ഷ.
2. ഫിഷറീസ് ഡയറക്ടറുടെ 19/10/2020, 30/03/2021, 06/06/2023, 29/07/2024, 26/08/2024, 31/12/2024, 26/10/2025, 19/12/2025 തീയതികളിലെ DFTVM/763/2020-C3 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

വടുതല-പെരുമ്പളം പാലം പണി പൂർത്തിയാകുന്ന സാഹചര്യത്തിൽ ടി സ്ഥലത്ത് നിലവിലുള്ള ഊന്നിപ്പാടുകൾ പൂർണ്ണമായും നഷ്ടമാകുമെന്നും ആയതിനാൽ മതിയായ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.കുഞ്ഞൻ സോമൻ പാറയിൽ മുതൽപേർ ബഹു. മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിൽ പാരമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) വടുതല–പെരുമ്പളം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 2015-ൽ തന്നെ സ്ഥലനിർണ്ണയത്തിനായി ചർച്ചകളും ആലോചനായോഗങ്ങളും നടന്നിരുന്നുവെന്നും, ടി സ്ഥലത്ത് നിലവിലുണ്ടായിരുന്ന ഊന്നിവലകൾ മാറ്റേണ്ടിവരുമെന്ന സാഹചര്യം നിലനിന്നതിനാലാണ് ഉടമകൾ കേരള ഇൻലാൻഡ് ഫിഷറീസ് & അക്വാകൾച്ചർ ആക്ട്, 2010 (KIFA) പ്രകാരം വലകൾ റീ-രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ ടി ഊന്നിവലകൾ നീക്കം ചെയ്തിട്ടുള്ളതിനാലും, പാലം നിർമ്മാണത്തെ തുടർന്ന് ടി പ്രദേശത്ത് ഇനി ഊന്നിവലകൾ സ്ഥാപിച്ച് മത്സ്യബന്ധനം നടത്തുന്നത് പ്രായോഗികമല്ലാത്തതിനാലും 19 ഊന്നിവല ഉടമകൾ നഷ്ടപരിഹാരത്തിന് അർഹരാണെന്നും കൂടാതെ, കേരള ഇൻലാൻഡ് ഫിഷറീസ് & അക്വാകൾച്ചർ ആക്ട്, 2010-ലെ സെക്ഷൻ 46(2) പ്രകാരം ടി ഊന്നിവല ഉടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കാവുന്നതാണെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടുതല–പെരുമ്പളം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്യേണ്ടി വന്ന ശ്രീ.കുഞ്ഞൻ സോമൻ പാറയിൽ മുതൽപേരുടെ ഉടമസ്ഥതയിലുള്ള 19 ഊന്നി വലപ്പാടുകൾക്ക് (ലിസ്റ്റ് അനുബന്ധമായി

ചേർക്കുന്നു) വല ഒന്നിന് ഒരു ലക്ഷം രൂപ നിരക്കിൽ **19** ലക്ഷം രൂപ നഷ്ടപരിഹാരമായി **2405-00-101-94-00-34-03-N-V** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.**3652** തീയതി:**11/02/2026** )
ധനകാര്യ വകുപ്പ് (**25/10/2024, 02/04/2025** എന്നീ തീയതികളിലെ **2934545/WCD-2/194/2024-FIN** നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 13-02-2026 12:15:39

# അനുബന്ധം.

| ക്രമ നമ്പർ | ഉടമയുടെ പേരും മേൽവിലാസവും | തരം | PTR നമ്പർ | ഊന്നി രജിസ്റ്റർ നമ്പർ |
|---|---|---|---|---|
| 1 | കുഞ്ഞൻ സോമൻ പാറയിൽ,മറ്റത്തിഭാഗം പെരുമ്പളം | 1 | 1/77 | 1 |
| 2 | കുട്ടൻ കുമാരൻ പാറേൽകുമ്പേൽ | 1 | 2/77 | 2 |
| 3 | അയ്യൻ മനോഹരൻ പുത്തൻ തറയിൽ മറ്റത്തിഭാഗം | 1 | 3/77 | 3 |
| 4 | ശങ്കു അയ്യപ്പൻ പാറയിൽ,മറ്റത്തിഭാഗം | 1 | 4/77 | 4 |
| 5 | കൊച്ചു കുട്ടി കാർത്തികേയൻ പാറയിൽ, മറ്റത്തിഭാഗം | 1 | 5/77 | 5 |
| 6 | കൃഷ്ണൻ മാധവൻ കിഴക്കേ പാറയിൽ മറ്റത്തി ഭാഗം | 1 | 6/77 | 6 |
| 7 | കൃഷ്ണൻ നാരായണൻ, പൂന്തുറനികത്തിൽ മറ്റത്തിഭാഗം | 1 | 7/77 | 7 |
| 8 | ശങ്കു കുട്ടൻ പാറെൽ കുമ്പേൽ, മറ്റത്തിഭാഗം | 1 | 8/77 | 8 |
| 9 | അയ്യപ്പൻ ഭാസ്കരൻ പാറയിൽ മറ്റത്തിഭാഗം | 1 | 9/77 | 9 |
| 10 | കുഞ്ഞൻ വേലു ലക്ഷ്മി പറമ്പിൽ മറ്റത്തി ഭാഗം | 1 | 10/77 | 10 |

| | | | | |
|---|---|---|---|---|
| 11 | കൃഷ്ണൻ ശേഖരൻ തെക്കേ പാറയിൽ മറ്റത്തി ഭാഗം | 1 | 11/77 | 11 |
| 12 | കൊച്ചു കുഞ്ഞൻ നാരായണൻ കടവിൽപ്പറമ്പിൽ പാണാവള്ളി | 1 | 12/77 | 12 |
| 13 | കൊച്ചു കുഞ്ഞൻ തങ്കപ്പൻ കടവിൽപ്പറമ്പിൽ പാണാവള്ളി | 1 | 13/77 | 13 |
| 14 | നാരായണൻ കുമാരൻ പനനീറ്റിക്കൽ | 1 | 14/77 | 14 |
| 15 | ശങ്കരൻ കുമാരൻ പുതുവലിൽ | 1 | 15/77 | 15 |
| 16 | കുമാരൻ ശങ്കുണ്ണി തോപ്പുവെളിയിൽ | 1 | 16/77 | 16 |
| 17 | വേലു അരവിന്ദൻ അഞ്ചു തുരുത്ത് പുതുവലിൽ പാണാവള്ളി | 1 | 18/77 | 18 |
| 18 | ഗോവിന്ദൻ മാധവൻ തെക്കേപാടത്ത് | 1 | 19/77 | 19 |
| 19 | വേലു അരവിന്ദൻ അഞ്ചു തുരുത്ത് പുതുവലിൽ പാണാവള്ളി | 1 | 20/77 | 20 |